## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3392 — 08/11/2019-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതിയുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | ലൈഫ് മിഷൻ, കുടുംബശ്രീ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ കണക്കുകളനുസരിച്ച് സംസ്ഥാനത്തുള്ള ഭൂരഹിത ഭവനരഹിതർ, ഭൂമിയുള്ള ഭവനരഹിതർ തുടങ്ങിയവരുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് എത്രയെന്നും ആയതിൽ ഈ സർക്കാർ നാളിതുവരെ ഓരോ വിഭാഗത്തിലും എത്ര പേർക്ക് വീട്ടു വച്ചു നൽകി എന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ; | എ) & ബി) | ലൈഫ് മിഷൻ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരഹിത ഭവനരഹിതരുടെ വിഭാഗത്തിലും ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിലും ഉള്ള ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരങ്ങളും ഇതിൽ ഓരോ വിഭാഗത്തിലും എത്രപേർക്ക് വീട് നൽകി എന്നുള്ള വിവരവും അനുബന്ധമായി ചേർക്കുന്നു.<br>ലൈഫ് മിഷൻ മാനദണ്ഡങ്ങൾ പ്രകാരം അർഹരായെന്ന് കണ്ടെത്തിയ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട മുഴുവൻ ഭൂമിയുള്ള ഭവനരഹിതർക്കും നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളുടെ അർഹത പരിശോധന നടത്തി സൈറ്റിൽ അപ് ലോഡ് ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | വിവിധ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങളിൽ ഇനിയും ഭവനരഹിതരായിട്ടുള്ളതായി കണ്ടെത്തിയവർ എത്ര നിർമ്മാണ പ്രക്രിയാഘട്ടത്തിലുള്ളത് എത്ര; എന്ന് അറിയിക്കുമോ; | | |
| സി) | എല്ലാവർക്കും സ്വന്തം ഭവനം ഉറപ്പാക്കാനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; ഇതിനായി ഈ സർക്കാർ ഓരോ വർഷവും എത്ര തുക ചെലവാക്കി എന്ന് അറിയിക്കുമോ; | സി) | ഒന്നാംഘട്ടമായ പൂർത്തീകരിക്കുവാനുണ്ടായിരുന്ന ഭവനങ്ങളുടെ പൂർത്തീകരണ വിഭാഗത്തിൽ പൂർത്തീകരിക്കുവാനുണ്ടായിരുന്ന 54,260 വീടുകളിൽ നാളിതുവരെ 51,831 വീടുകൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള വീടുകളുടെ നിർമ്മാണം 2019 ഡിസംബർ 31-ഓടുകൂടി പൂർത്തീകരിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലേക്കായി 665.58 കോടി രൂപ ധനസഹായമായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.<br>രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ അർഹരായി കണ്ടെത്തിയ 97,312 ഗുണഭോക്താക്കളിൽ 48,759 ഗുണഭോക്താക്കളുടെ വീടുകൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള |

| | | | |
|---|---|---|---|
| | | | വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇതിലേക്കായി 2757.90 കോടി രൂപ ധനസഹായമായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതിയിൽ അനർഹർ കടന്നുകൂടിയോ എങ്കിൽ എത്ര എന്നും ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ? | ഡി) | ലൈഫ് ഭവന പദ്ധതിയിൽ അനർഹരെ ഉൾക്കൊള്ളിക്കാതിരിക്കുന്നതിലേയ്ക്കായി വ്യക്തമായ അർഹത മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. ഉദ്യോഗസ്ഥതല ഫീൽഡ്തല പരിശോധന നടത്തിയാണ് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. തെറ്റായ വിവരങ്ങൾ നൽകി ഗുണഭോക്തൃ ലിസ്റ്റിൽ കടന്ന് കൂടിയവരെ പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയും നിർവ്വഹണോദ്യോഗസ്ഥന് നേരിട്ട് അനർഹരാണെന്ന് ബോദ്ധ്യപ്പെട്ടവരെയും ആനുകൂല്യം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആനുകൂല്യത്തിന്റെ ഗഡുക്കൾ കൈപ്പറ്റിയതിന് ശേഷം അനർഹരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ഭൂമിയുള്ള ഭവനരഹിതർ | | ഭൂരഹിത ഭവനരഹിതർ |
|---|---|---|---|
| | അർഹരായവർ | ഭവന നിർമ്മാണം പൂർത്തീകരിച്ചവർ | അർഹരായവർ |
| തിരുവനന്തപുരം | 14608 | 7286 | 13277 |
| കൊല്ലം | 8752 | 5863 | 12100 |
| പത്തനംതിട്ട | 1998 | 1382 | 1925 |
| ആലപ്പുഴ | 10272 | 4553 | 5985 |
| കോട്ടയം | 4433 | 2266 | 5923 |
| ഇടുക്കി | 11596 | 4326 | 4867 |
| എറണാകുളം | 5773 | 4021 | 13105 |
| തൃശ്ശൂർ | 5560 | 2954 | 6789 |
| പാലക്കാട്, | 13336 | 4554 | 7587 |
| മലപ്പുറം | 6202 | 4094 | 6128 |
| കോഴിക്കോട് | 4768 | 2826 | 2956 |
| വയനാട് | 3867 | 1531 | 2480 |
| കണ്ണൂർ | 2464 | 1717 | 1876 |
| കാസർഗോഡ് | 3683 | 1386 | 2482 |
| ആകെ | 97312 | 48759 | 87479 |

ഇതിൽ ഭൂരഹിത ഭവനരഹിതരായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഭവനം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഭവന സമുച്ചയങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.